# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*420** 15.05.2017 -ൽ മറുപടിയ്ക്ക്

## വൈജ്ഞാനികരംഗത്തുണ്ടായ നിലവാരത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, റ്റി.വി.രാജേഷ്<br>,, ആന്റണി ജോൺ<br>,, ആർ. രാജേഷ് : | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആഗോളവൽകൃത വിപണന തന്ത്രത്തിന്റെ ഫലമായി മിടുക്കരായ വിദ്യാർത്ഥികളെ ശാസ്ത്ര-മാനവിക വിഷയങ്ങളിൽ നിന്ന് അകറ്റി സാങ്കേതിക-വൈദഗ്ദ്ധ്യ രംഗത്ത് കേന്ദ്രീകരിപ്പിച്ചത് മൂലം സംസ്ഥാനത്തെ വൈജ്ഞാനിക രംഗത്തുണ്ടായ നിലവാരത്തകർച്ച പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | ആഗോളവൽകൃത വിപണന തന്ത്രത്തിന്റെ ഫലമായി മിടുക്കരായ വിദ്യാർത്ഥികളെ ശാസ്ത്ര – മാനവിക വിഷയങ്ങളിൽ നിന്ന് അകറ്റി സാങ്കേതിക വൈദഗ്ധ്യ രംഗത്ത് കേന്ദ്രീകരിപ്പിച്ചതുമൂലം സംസ്ഥാനത്ത് വൈജ്ഞാനികരംഗത്ത് നിലവാര തകർച്ച ഉണ്ടായിട്ടുണ്ട് എന്ന ധാരണ പൊതുവെ ഉണ്ടെങ്കിലും ഇത് സംബന്ധിച്ച് ഔപചാരികമായ പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.<br>ശാസ്ത്ര – മാനവിക വിഷയങ്ങൾ പഠിയ്ക്കാൻ മിടുക്കരായ വിദ്യാർത്ഥികളെ പ്രേരിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി 2009-10 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. അടുത്ത കാലത്ത് മേൽ പദ്ധതി പുനരവലോകനം ചെയ്തപ്പോൾ ശാസ്ത്ര – മാനവിക വിഷയ പഠനത്തിന് സമീപ കാലത്ത് ഉണ്ടായിരിക്കുന്ന പുത്തൻ ഉണർവിനും താല്പര്യത്തിനുമുള്ള ഒരു കാരണം ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പാണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഗവൺമെന്റ് |
| (ബി) | ഇത് പരിഹരിക്കാനായി ആർട്സ് ആൻഡ് സയൻസ് കോളേജുകളെയും അവയെ നയിക്കുന്ന സർവ്വകലാശാലകളെയും ആധുനീകരിച്ച് ശാസ്ത്രബോധവും മാനവികതയും പരിപോഷിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | /എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. |
| (സി) | ഇത്തരം സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക മുന്നേറ്റത്തിനും ദേശീയ ഉന്നത വിദ്യാഭ്യാസ പ്രസ്ഥാനത്തിൽ (റൂസ) നിന്നും സാമ്പത്തിക സഹായം നേടിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്ത് റൂസ പദ്ധതിപ്രകാരമുള്ള കേന്ദ്ര സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനായി വിവിധ പദ്ധതികൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ് വഴി കേന്ദ്ര മാനവ ശേഷി വികസന വകുപ്പിന് സമർപ്പിക്കുകയും വിവിധ സാമ്പത്തിക സഹായങ്ങൾ നേടിയെടുക്കുകയും ചെയ്തു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം സംസ്ഥാനത്ത് 6 യൂണിവേഴ്സിറ്റികൾക്കായി 20 കോടി രൂപ വീതവും 20 ഗവൺമെന്റ് കോളേജുകൾക്ക് 2 കോടി രൂപ വീതവും ഇക്വിറ്റി ഇനിഷ്യേറ്റീവിനായി 5 കോടിയും ഫാക്കൽറ്റി ഇപ്രൂവ്മെന്റിനായി 1 കോടിയും പ്രിപ്പറേറ്ററി ഗ്രാന്റായി 8 കോടി 65 ലക്ഷം രൂപയും (ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടി പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അനദ്ധ്യാപകരുടെയും അടിസ്ഥാന വിവരശേഖരണം നടത്തുന്നതിനായിട്ടുള്ള പദ്ധതികൾക്ക് ) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ